**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 606** **13-01-2021 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.കെ. ഹരീന്ദ്രൻ | | Shri M. M. Mani<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ കാലയളവിൽ പാറശ്ശാല മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും അതിന്റെ അടങ്കൽ തുകയും ഇനം തിരിച്ച് അറിയിക്കാമോ; | (എ) | എല്ലാ വീടുകളും വൈദ്യുതീകരിക്കുക എന്ന ലക്ഷ്യവുമായി ആവിഷ്കരിച്ച സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി, ഗ്രാമ പ്രദേശങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ ഡി. ഡി. യു. ജി. ജെ. വൈ (DDUGJY), തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളുടെ സഹായത്തോട്ടു കൂടി നടത്തുന്ന PPS പദ്ധതി, ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താ ക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ കെ. എസ്. ഇ. ബോർഡ് ലിമിറ്റ ഡിന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന 'ദ്യുതി 2021', എന്നിവയാണ് പാറശ്ശാല മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ. മേൽ പദ്ധതികളുടെ ചെലവായ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.(അനുബന്ധം ) നെയ്യാറ്റിൻകര 66 കെ.വി സബ്സ്റ്റേഷന്റെ ശേഷി 110 കെ.വി ആയി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പാറശ്ശാല സബ്സ്റ്റേഷനിൽ രണ്ട് 110 കെ.വി ഫീഡർ ബേ യും സബ്സ്റ്റേഷനിൽ നിന്നും ഒരു 11 കെ.വി ഫീഡർ നിർമ്മിക്കുകയും ചെയ്തു. അടങ്കൽ തുക ചുവടെ പറയുന്ന പ്രകാരമാണ്. 1. 110 കെ.വി ഫീഡറിന് 9.76 കോടി രൂപയാണ് അടങ്കൽ തുക 2. ഉദിയൻകുളങ്ങര സെക്ഷനു വേണ്ടി 11 കെ.വി അമരവിള dedicated ഫീഡർ സ്ഥാപിച്ച വകയിൽ 32 ലക്ഷം രൂപ ചിലവായി. |
| (ബി) | നിർദ്ദിഷ്ട മലയോര ഹൈവേയുടെ പാറശ്ശാല മുതൽ പരുത്തിപ്പള്ളി വരെയുള്ള ഭാഗത്തെ യൂട്ടിലിറ്റി ഷിഫ്റ്റിങ് പ്രവർത്തനത്തിന്റെ ഭാഗമായി ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ? | (ബി) | നിർദ്ദിഷ്ട മലയോര ഹൈവേയുടെ പാറശ്ശാല മുതൽ പരുത്തിപ്പള്ളി വരെയുള്ള ഭാഗത്തെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു. (അനുബന്ധം ) |

സെക്ഷൻ ഓഫീസർ